ഫാത്വിമ കോയക്കുട്ടി
fathimakoyakutty123@gmail.com

# പരീക്ഷണങ്ങളെ നേരിടേണ്ട വിധം

وَعَنْ أبِي يَحْيَى صُهَيْبِ بْنِ سِنَانٍ رضى الله عنه قَالَ: قَالَ رَسُولُ الله: عَجَباً لأمْرِ الْمُؤْمِنِ إنَّ أَمْرَهُ كُلَّهُ لَهُ خَيْرٌ، وَلَيْسَ ذَلِكَ لأحَدٍ إلاَّ للْمُؤْمِنِ: إنْ أَصَابَتْهُ سَرَّاءُ شَكَرَ فكَانَ خَيْراً لَهُ، وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فكَانَ خَيْراً لَهُ (رواه مسلم).

**സുഹൈബുബ്നു സിനാനിൽനിന്ന്. നബി(സ) അരുൾ ചെയ്തു: 'ഒരു വിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ. അവന്റെ എല്ലാ കാര്യവും അവന് ഗുണമായി ഭവിക്കുന്നു. അതു സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് ഇഷ്ടകരമായ കാര്യങ്ങളാണ് സംഭവിക്കുന്നതെങ്കിൽ അവൻ ദൈവത്തിനു നന്ദി ചെയ്യുന്നു. അപ്പോൾ അവന്നത് നന്മയായിത്തീരുന്നു. അവന്നു നാശമാണ് ബാധിക്കുന്നതെങ്കിൽ അവൻ ക്ഷമിക്കുകയും അങ്ങനെ അതവന്നു നന്മയായിത്തീരുകയും ചെയ്യുന്നു' (മുസ്‌ലിം).**

ശരീരത്തിനും മനസ്സിനും ഇഷ്ടമല്ലാത്ത കാര്യങ്ങൾ സഹിക്കുകയെന്നതാണ് ക്ഷമയുടെ വിവക്ഷ. ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട ഉത്തമ ഗുണമാണത്. മാത്രമല്ല, വിശ്വാസത്തിന് അതുമായി അഭേദ്യമായ ബന്ധമുണ്ട്. ഈ ലോകത്ത് സംഭവിക്കുന്നതെന്തും, അതു തനിക്കിഷ്ടപ്പെട്ടതോ അല്ലാത്തതോ ആയിക്കൊള്ളട്ടെ, ദൈവ വിധിപ്രകാരമുള്ളതാണെന്നാണല്ലോ മുസ്‌ലിമിന്റെ വിശ്വാസം. അപ്പോൾ സുഖസന്തോഷങ്ങളുടെ പേരിൽ ദൈവത്തെ വിസ്മരിക്കാനോ, ദുരിതങ്ങളുടെ പേരിൽ വേവലാതിപ്പെടാനോ അവനു പാടുള്ളതല്ല. പ്രത്യുത, സന്തോഷ ഘട്ടങ്ങളിൽ ദൈവത്തോട് നന്ദി കാണിക്കുകയും വിഷമാവസരങ്ങളിൽ ദൈവവിധിയെ ക്ഷമയോടെ സ്വാഗതം ചെയ്യുകയുമാണ് അവൻ വേണ്ടത്. അങ്ങനെയുള്ള ഒരു വിശ്വാസിയുടെ സ്വഭാവത്തെയാണ് പ്രകൃത വചനം വരച്ചുകാട്ടുന്നത്. ദുഃഖവും സന്തോഷവും മനുഷ്യജീവിതത്തിന്റെ രണ്ടു മുഖങ്ങളാണ്. പല സന്ദർഭങ്ങളിൽ പല നിലക്കും അവ മനുഷ്യനെ ബാധിച്ചുകൊണ്ടിരിക്കും. വികാരങ്ങളുടെ വിഹാരകേന്ദ്രമായ മനുഷ്യന് ഈ രണ്ടു വികാരങ്ങളാണ് ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നതും.

ഇഹലോകം സത്യവിശ്വാസിയുടെ തടവറയും സത്യനിഷേധിയുടെ സ്വർഗവുമാണെന്ന തിരുവചനം ഒരു വിശ്വാസിയുടെ ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയാണ്. ഋതുഭേദങ്ങൾ പോലെയാണ് വികാരങ്ങളുടെ വേഷപ്പകർച്ചകൾ സംഭവിക്കുന്നത്. എന്നാൽ ഒരു സത്യവിശ്വാസി പരിപൂർണ നിയന്ത്രണത്തോടെ ആയിരിക്കണം തന്റെ ജീവിതത്തിലെ ഓരോ സന്ദർഭത്തെയും അഭിമുഖീകരിക്കേണ്ടത്. സന്തോഷിക്കേണ്ട സന്ദർഭങ്ങൾ വരുമ്പോൾ ആഘോഷപ്രകടനങ്ങളിൽ തിമിർത്താടരുത്.

കോപം വരുമ്പോൾ ഒരിക്കലും തന്റെ ശരീരത്തെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കെട്ടഴിച്ചുവിടുകയുമരുത്. ദുഃഖകരമായ അവസരങ്ങളിൽ ഒരിക്കലുമവൻ തന്റെ ശരീരത്തെ നാശത്തിലേക്ക് തള്ളിവിട്ടുകൂടാ. പ്രത്യുത, ഏതു സന്ദർഭത്തിലും ആത്മസംയമനം ഉണ്ടാവുക എന്നതാണ് പ്രധാനം. വിശ്വാസിയിലുണ്ടായിരിക്കേണ്ട അതിപ്രധാന ഗുണമാണത്. ഉപര്യുക്ത വചനത്തിലൂടെ നബി (സ) സത്യവിശ്വാസിയെ പഠിപ്പിക്കുന്നത്, ജീവിതം എങ്ങനെ സ്രഷ്ടാവിന്റെ പൊരുത്തത്തിലും അതുവഴി ആത്മസംതൃപ്തി കൈവരുന്ന വിധത്തിലും ആക്കി മാറ്റാമെന്നാണ്. ഒരു വിശ്വാസിക്കു മാത്രമവകാശപ്പെടാവുന്ന കഴിവാണിതെന്ന് നബി (സ) വിശേഷിപ്പിക്കുകയും ചെയ്യുന്നു.

ഏതൊരു ഘട്ടത്തിലും സ്രഷ്ടാവിനെക്കുറിച്ച ചിന്ത മനസ്സിലുണ്ടെങ്കിൽ ഒരാൾക്ക് കനൽക്കട്ടയെ തന്നെയും തണുത്തുറഞ്ഞ മഞ്ഞുകഷ്ണമാക്കാൻ സാധിക്കും. ഒരു ആനന്ദമുഹൂർത്തം ആഗതമാകുമ്പോൾ ആദ്യം വിശ്വാസി ചെയ്യുക, അതിന്അവസരം പ്രദാനം ചെയ്ത സ്രഷ്ടാവിന് സ്തുതി കീർത്തനങ്ങൾ അർപ്പിക്കുകയായിരിക്കും. ഇനി അവന് നേരിടേണ്ടിവരുന്നത് ദുർഘടമായ വിഷമസന്ധിയാണെങ്കിൽ എല്ലാം അല്ലാഹുവിന്റെ അലംഘനീയമായ വിധിയാണെന്ന് കരുതി ക്ഷമയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അവൻ സന്നദ്ധനായിരിക്കും.

ഈ മഹത്തരമായ സ്വഭാവ സവിശേഷത സൂചിപ്പിക്കുന്നത് ഐഹിക ജീവിത വ്യവഹാരങ്ങളുടെ നൈമിഷികതയെയും പാരത്രിക ലോകത്തിന്റെ ശാശ്വതികത്വത്തെയുമാണ്. മറ്റൊരർഥത്തിൽ പറഞ്ഞാൽ ദുൻയാവ് കാര്യമാക്കാതെ പരലോകചിന്തയുമായി കഴിയുന്ന ഒരാളിൽനിന്നേ ഈയൊരു ഉത്കൃഷ്ട സ്വഭാവഗുണം പ്രതീക്ഷിക്കാവൂ. യഥാർഥ വിശ്വാസിയെ തിരിച്ചറിയാനും അതുവഴി സാധിക്കും. ●